"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - ശ്രീമതി. ലിൻഡ ഐസക്, കൃഷി ഓഫീസർ - ന് പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.271/2024/AGRI തീയതി,തിരുവനന്തപുരം, 16-03-2024

---

പരാമർശം:- 1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 13/10/2023 ലെ ADFW/11776/2023-SD2 നമ്പർ കത്ത്.

**ഉത്തരവ്**

കാസർഗോഡ് ജില്ലയിലെ മീഞ്ച കൃഷി ഓഫീസറായി 01/09/2023 തീയതിയിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി. ലിൻഡ ഐസക് - ന് കേരള കാർഷിക സർവകലാശാലയിൽ ബിരുദാനന്തര ബിരുദം നേടുന്നതിനായി 11/9/2023 മുതൽ 31/12/2023 വരെ 112 ദിവസത്തേക്ക് ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള അപേക്ഷയും അനുബന്ധ രേഖകളും കോഴ്സ് സർട്ടിഫിക്കറ്റും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം കത്ത് പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർഗോഡ് ജില്ലയിലെ മീഞ്ച കൃഷി ഓഫീസറായ ശ്രീമതി. ലിൻഡ ഐസക് - ന് പഠനാവശ്യത്തിനായി 11/09/2023 മുതൽ 31/12/2023 വരെ, കെ.എസ്.ആർ ഭാഗം I, അനുബന്ധം XII B യിലെ വ്യവസ്ഥകൾക്ക് വിധേയമായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് ഹനീഫ.എം.എം.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ശ്രീമതി. ലിൻഡ ഐസക്, കൃഷി ഓഫീസർ (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി ( AGRI-EA2/320/2023-AGRI)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ